10874
30/5/18

File No.FWLD-B1/34/2018-FWLD

# കേരള സർക്കാർ

## സംഗ്രഹം

കൊട്ടിയൂർ റെയിഞ്ചിൽ നിന്ന് മറയൂർ ഡിപ്പോയിലേയ്ക്ക് കൈമാറിയ ചന്ദനത്തിന്റെ ഡ്രൈയേജ് എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./236/2018/വനം തീയതി,തിരുവനന്തപുരം, 18/05/2018

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 09.07.2015, 09.03.2018 തീയതികളിലെ പ്രൊ(5) 1051/2007 നമ്പർ കത്ത്.

## ഉത്തരവ്

1985-95 കാലയളവിൽ കണ്ണൂർ ഡിവിഷന്റെ കീഴിലുള്ള കൊട്ടിയൂർ റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത 7 കേസുകളിൽ തൊണ്ടി മുതലായി പിടികൂടിയ ചന്ദനം പിന്നീട് സൂക്ഷിക്കുന്നതിനായി 29.09.1995ന് മറയൂർ ഡിപ്പോയിലേയ്ക്ക് കൈമാറുകയുണ്ടായി. തൊണ്ടി ചന്ദനം കസ്റ്റടിയിൽ എടുത്തവേളയിൽ 2162.800 കിലോഗ്രാം ചന്ദനമാണ് ഉണ്ടായിരുന്നതെന്നും മറയൂരിലേയ്ക്ക് നീക്കം ചെയ്യുന്നതിനായി തൂക്കം പരിശോധിച്ചപ്പോൾ 1636.650 കിലോഗ്രാം ചന്ദനമാണ് ഉണ്ടായിരുന്നത്. കേസിൽ പിടികൂടുമ്പോൾ അവയുടെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് കസ്റ്റഡിയിലെടുത്ത അതേ അവസ്ഥയിലാണെന്നും, വെള്ളയോടും തൊലിയോടും കൂടി കസ്റ്റഡിയിലെടുത്ത ടി ചന്ദനക്കഷ്ണങ്ങൾ പിന്നീട് ചിതൽ, പൊടി എന്നിവ വൃത്തിയാക്കി മറയൂരിലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യുവാനായി പായ്ക്ക് ചെയ്യുമ്പോൾ കണ്ടെത്തിയ 526.15 കി.ഗ്രാം കുറവ് സ്വാഭാവികമായി കാലപ്പഴക്കം മൂലമുള്ള ഡ്രൈയേജ് കാരണം സംഭവിച്ചതാണെന്നും കേസുകൾ രജിസ്റ്റർ ചെയ്യുമ്പോൾ രേഖപ്പെടുത്തിയ അളവും പിന്നീട് മറയൂർ ഡിപ്പോയ്ക്ക് കൈമാറുമ്പോൾ കണ്ടെത്തിയ അളവും തമ്മിലുള്ള കുറവ് ടി ചന്ദന കഷ്ണങ്ങൾക്ക് ഡ്രൈയേജ് മൂലം സംഭവിച്ചതാണെന്ന് വ്യക്തമാകുന്നതിനാലും ടി വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് മന:പൂർവ്വമുള്ള വീഴ്ചയൊന്നും കണ്ടെത്താൻ സാധിക്കാത്തതിനാലും പച്ച ചന്ദനം 2 വർഷം കൊണ്ട് 25% തൂക്കം കുറയുന്നത് സാധാരണമാണെന്നും തടിയുടെ നീളത്തിലും വണ്ണത്തിലും മാറ്റം ഉണ്ടായിട്ടില്ലായെങ്കിൽ ഇപ്രകാരം തൂക്കം കുറയുന്നത് ഈർപ്പ നഷ്ടം

കൊണ്ടുമാണെന്നും ആയതിനാൽ പ്രസ്തുത ഡ്രൈയേജ് എഴുതിത്തള്ളി ഉത്തരവാകണമെന്ന് അഡീഷണൽ പ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം പ്രകാരം അപേക്ഷിച്ചിരിയ്ക്കുന്നു.

2) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊട്ടിയൂർ റെയിഞ്ചിൽ നിന്ന് മറയൂർ ഡിപ്പോയിലേയ്ക്ക് കൈമാറിയ ചന്ദനത്തിൽ ഡ്രൈയേജ് മൂലം മൊത്തം അളവിൽ ഉണ്ടായ 526.15 കി.ഗ്രാമിന്റെ കുറവ് എഴുതിത്തള്ളുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്-നു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ.വി.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സാൻഡൽ ഡിവിഷൻ, മറയൂർ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അഗ്രി സി2/1/16/ധന)
വെബ്ബ് ആന്റ് ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ